**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 247** **10-06-2024 - ൽ മറുപടിയ്ക്ക്**

**രാത്രികാല പോസ്റ്റ്മോർട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ചികിത്സയിലിരിക്കുന്ന രോഗികൾ ആശുപത്രിയിലേക്കുള്ള യാത്രാമദ്ധ്യേ മരണപ്പെട്ടാൽ പോസ്റ്റ്മോർട്ടം നടത്തണമെന്ന നിബന്ധന നിലവിലുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | **ചികിത്സയിലിരിക്കുന്ന രോഗികൾ ആശുപത്രി യിലേയ്ക്കുള്ള യാത്രാമദ്ധ്യേ മരണപ്പെട്ട് ആശുപത്രിയിലെത്തിയാൽ ഡ്യൂട്ടി മെഡിക്കൽ ഓഫീസർ അക്കാര്യം പോലീസിനെ അറിയിക്കുകയാണ് ചെയ്യുന്നത്. തുടർന്ന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരാണ് പോസ്റ്റ്മോർട്ടം ആവശ്യമുണ്ടോ എന്ന കാര്യം തീരുമാനിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട നടപടികൾ എപ്രകാരം കൈക്കൊള്ളണമെന്നത് തീരുമാനിക്കുന്നതും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനാണ്.** |
| (ബി) | രോഗബാധയും പ്രായാധിക്യവും മൂലം ദീർഘകാലം ചികിത്സയിലിരിക്കുന്നവർ ആശുപത്രിയിലെത്തുന്നതിനു മുമ്പ് മരണമടഞ്ഞാൽ പോസ്റ്റ്മോർട്ടം നടത്തേണ്ടിവരുമെന്നതിനാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദവിവരം ലഭ്യമാക്കാമോ; | (ബി) | മറുപടി “എ” പിരിവിൽ ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് രാത്രികാല പോസ്റ്റ്മോർട്ടത്തിന് നിലവിൽ സംവിധാനം ഒരുക്കിയിട്ടുള്ളത്;രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യം എല്ലാ ജില്ലകളിലെയും കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | **കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ രാത്രികാല പോസ്റ്റ്മോർട്ടം നടന്നു വരുന്നുണ്ട്. പ്രത്യേക/ അടിയന്തര സാഹചര്യങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മെഡിക്കൽ കോളേജുകളിലുൾപ്പടെ രാത്രികാല പോസ്റ്റ്മോർട്ടം നടത്തി വരുന്നുണ്ട് . കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം . തൃശ്ശൂർ,**<br><br>**കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ